സർക്കാർതന്നെ ശരിയായ ചാരായം കുപ്പിയിലാക്കി മുദ്രവെച്ച് കോൺട്രാക്ടർമാർക്കു കൊടുക്കാൻ ആലോചിച്ചു വരുന്നതായി എക്സൈസ് മന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. ഈ നടപടി ഒരിക്കലും ഒരു പ്രതിവിധിയല്ല. കുപ്പിക്കണക്കിനു സർക്കാർ ഡെപ്പോകളിൽനിന്ന് ചാരായം വാങ്ങാൻ കഴിവുള്ള പണക്കാരായ കുടിയന്മാർക്ക് ഇതുമൂലം പ്രയോജനമുണ്ടായേക്കാം. പക്ഷേ, ഷാപ്പുകളിൽ നടക്കുന്ന വ്യാജച്ചാരായവില്പന തടയാനും, അവിടെച്ചെന്ന് മൂത്താനും 'മില്ലി' അകത്താക്കുന്നവരെ രക്ഷിക്കാനും ഇതുകൊണ്ടു സാദ്ധ്യമാവുകയില്ല. കുപ്പിയിലെ ലേബലും സീലും വില്പനക്കാർക്കു വ്യാജമായി നിർമിക്കാവുന്നതേയുള്ളൂ. വിലയേറിയ വിദേശമദ്യമെന്ന പേരിൽ വിപുലമായ വ്യാജമദ്യവ്യാപാരം ഇപ്പോൾത്തന്നെ ഈ നാട്ടിൽ നിലനില്ക്കുന്നുണ്ടെന്ന് അറിയാത്തവർ ചുരുക്കമായിരിക്കും.

മാത്രമല്ല, സർക്കാരിന്റെ അനുഗ്രഹത്തോടെ കോൺട്രാക്ടർമാർ നടത്തുന്ന വ്യാപകമായ നിയമാനുസൃത മദ്യവില്പനയ്ക്കു പുറമെ, വളരെ വ്യാപകമായതോതിൽ നിയമവിരുദ്ധമായ വ്യാജമദ്യവാററും വ്യാജവില്പനയും നാട്ടിലാകെ നടന്നുവരുന്നുണ്ട്. എക്സൈസ് വകുപ്പിന്റെ പൂർണമായ അനുഗ്രഹത്തോടെയാണ് ഈ വ്യാജവ്യവസായം തഴച്ചുവളരുന്നത്. കോൺട്രാക്ടർമാർ മാത്രമേ ചിലപ്പോഴെങ്കിലും ഈ വ്യാജവ്യവസായത്തിൽ എതിർപ്പു പ്രകടിപ്പിക്കുന്നുള്ളൂ. എതിർക്കുന്നതു് നിഷ്ഫലമെന്നു മനസ്സിലാക്കിയതിനാലാവാം, വ്യാജമദ്യവ്യവസായത്തിലെ ഉല്പന്നങ്ങൾ കോൺട്രാക്ടർമാർ വിലയ്ക്കു വാങ്ങി നിയമാനുസൃത ഷാപ്പുകളിലൂടെ വിററഴിക്കുന്നതും ദുർലഭമല്ല.

വ്യാജച്ചാരായത്തോടു മത്സരിച്ചു ജയിക്കുവാൻ 'സർക്കാർച്ചാരായ'ത്തിനു് സാധിക്കുമെന്നു കരുതിക്കൂടാ. മുമ്പു പറഞ്ഞതുപോലെ, എല്ലും പല്ലുമില്ലാത്ത നമ്മുടെ ജനാധിപത്യത്തിനു് കീഴടക്കാനോ മെരുക്കാനോ കഴിയാത്ത ഒരു രാക്ഷസനായി വളർന്നു കഴിഞ്ഞിട്ടുണ്ടു് വ്യാജച്ചാരായ നിർമാണവും വില്പനയും.

അപ്പോൾപ്പിന്നെ എന്തു ചെയ്യണം?

അതു വിദഗ്ദ്ധന്മാർ തീരുമാനിക്കട്ടെ. ഒരു സാധാരണ നിരീക്ഷകനെന്ന നിലയിൽ എനിക്കു തോന്നുന്നതു്, കള്ളു ചെത്തുന്നതിലും ചാരായം വാററുന്നതിലും ഇന്നുള്ള നിയന്ത്രണങ്ങൾ എല്ലാം എടുത്തു കളയുകയാവും തമ്മിൽഭേദമെന്നാണ്. ഉടൻ മരണത്തിനു് ഇടവരുത്താത്ത കള്ളു് സുലഭമാകട്ടെ. മരിക്കും മുമ്പ്, തങ്ങൾ കുടിച്ച വിഷച്ചാരായം വാററിയതു് ആരാണെന്ന അറിവെങ്കിലും കുടിയന്മാർക്കു് ഉണ്ടാകുകയും ചെയ്യട്ടെ. ആ അറിവ് കുടിയന്മാർക്കു കൈവരുമെന്ന് ഉറപ്പുണ്ടെങ്കിൽ ഇന്നത്തേപ്പോലെ അറിഞ്ഞുകൊണ്ടുതന്നെ വിഷച്ചാരായം വില്ക്കാൻ ഷാപ്പുടമകൾ ധൈര്യപ്പെടുകയില്ല. സർക്കാരിനു് വരുമാനം വില്പനനികുതിയിലൂടെ ഉണ്ടാകുകയും ചെയ്യാം.

10 ഒക്ടോബർ, 1982

# 66. വിദ്യാലയങ്ങൾക്കരികെ മദ്യഷാപ്പുകൾ

ഈയാണ്ടിൽ ഓണക്കാലത്തു് കൊച്ചിക്കടുത്തുള്ള വൈപ്പ് ദ്വീപിൽ സംഭവിച്ച മദ്യദുരന്തം പലതും അനുഭവിച്ചു മരവിച്ച കേരളത്തിന്റെ മനസ്സാക്ഷിയെപ്പോലും നടുക്കിയിരിക്കുകയാണല്ലോ. വിഷമദ്യം കുടിച്ചതിൻ ഫലമായി അവിടെ ചുരുങ്ങിയതു് എഴുപതു് ആളുകളെങ്കിലും മരിക്കുകയും

ഇരുപതു് ആളുകരംക്കെങ്കിലും ശാശ്വതവും പൂർണവുമായ അന്ധത കൈവരികയും ചെയ്തു. എത്രയോ ആളുകരംക്ക് താത്കാലികമോ ഭാഗികമോ ആയ അന്ധത്വം വന്നുപെട്ടു. ചിലർ ബധിരരായി. ആയിരത്തിലധികം ആളുകളെ ആസ്പത്രികളിൽ കിടത്തി, ഡയാലിസിസ് അടക്കമുള്ള ചികിത്സകരംക്ക വിധേയരാക്കേണ്ടിവന്നു. മുമ്പും വിഷമദ്യം കുടിച്ചു് നമ്മുടെ നാട്ടിൽ ആളുകരം ഈച്ചകരംപോലെ വീണു ചത്തിട്ടുണ്ട്. എങ്കിലും വൈപ്പിലെ മദ്യവിപത്തു് ക്രൂരതയിൽ എതിരററതായിത്തന്നെ നിലകൊള്ളുന്നു. വില്പനക്കാർ ലിററർ ഒന്നിനു് അമ്പതു പൈസ വീതം അധികലാഭം കൊതിച്ചു്, വിഷമായ മെത്തിലൈററഡ് സ്പിരിററ് അറിഞ്ഞുകൊണ്ടു് ചാരായത്തിൽ കലർത്തി വിററതിനാലാണു് ഈ അപകടം സംഭവിച്ചിട്ടുള്ളതെന്നത്രേ പ്രാഥമികമായ നിഗമനം. കേരളത്തിലെ മദ്യവില്പനക്കാരുടെ ലാഭക്കൊതിക്കും, ഒരു നിയമത്തെയും വകവെക്കേണ്ടതില്ലെന്ന അവരുടെ ചങ്കൂററത്തിനും, ഇതിനേക്കാരം മികച്ച മറെറാരു ഉദാഹരണം ആവശ്യമില്ല.

മദ്യവില്പന സംബന്ധിച്ച എല്ലാ നിയമങ്ങളെയും ലംഘിക്കവാൻ, തുടർച്ചയായി അധികാരത്തിൽ വന്ന കേരള ഗവണ്മെൻറുകരം മദ്യവില്പനക്കാരെ പ്രോത്സാഹിപ്പിക്കുകയാണു് ഇതുവരെ ചെയ്തിട്ടുള്ളതു്. ആപല്ക്കരമായ ഒരു വസ്തുവാണു് മദ്യം. ഭക്ഷ്യപാനീയങ്ങരംപോലെ എല്ലാവർക്കും എല്ലാ സ്ഥലത്തും സുലഭമായി ലഭിക്കേണ്ട ഒന്നല്ല അതു്. മദ്യം പൂർണമായും നിരോധിക്കുകയെന്നതാണു് ഇന്ത്യാ ഗവണ്മെൻറിൻെറ ദേശീയ ലക്ഷ്യം. അതാതുകാലത്തെ പരിതഃസ്ഥിതിക്കനുസരിച്ചു് സർക്കാരുകരംക്ക മാററാവുന്ന ഒരു നയമല്ല മദ്യനിരോധനമെന്നു് ഓർമിക്കേണ്ടതാണു്. നയങ്ങരം അതാതു കാലത്തെ സർക്കാരുകരം ആവിഷ്കരിക്കുന്നവയാണു്. അവ ഭരണഘടനയിൽ ഉരംപ്പെടുത്താറില്ല. ദേശീയ ലക്ഷ്യങ്ങളാകട്ടെ, എന്നെന്നേക്കമായി ഭരണഘടനയിൽ എഴുതിച്ചേർക്കുന്നു.

ഇന്ത്യയിൽ എല്ലാവർക്കും എഴുതാനും വായിക്കാനും അറിവു്— സാക്ഷരത്വം—ഉണ്ടാകണമെന്നതു മറെറാരു ദേശീയ ലക്ഷ്യമാണു്. സാക്ഷരത്വംപോലെ സാർവത്രികവും പൂർണവുമായ മദ്യനിരോധവും നമ്മുടെ രാഷ്ട്രപിതാക്കരം ദേശീയ ലക്ഷ്യമായി അംഗീകരിക്കുകയും, സർക്കാരുകരം അതു നടപ്പിൽ വരുത്തണമെന്നു് ഭരണഘടനയിലൂടെ അനുശാസിക്കുകയും ചെയ്യുന്നു. മദ്യനിരോധം സംബന്ധിച്ച ഭരണഘടനയിലെ വകുപ്പു് എടുത്തുകളയുംവരെ, ഈ ദേശീയ ലക്ഷ്യം നേടുന്നതിനു ശ്രമിക്കേണ്ട ബാദ്ധ്യത ഇന്ത്യയിൽ കേന്ദ്ര ഗവണ്മെൻറിനും എല്ലാ സംസ്ഥാന സർക്കാരുകരംക്കും ഉണ്ടു്. ഈ ബാദ്ധ്യത നിറവേററാതെ, മദ്യവില്പന അധികാധികം പ്രചരിപ്പിക്കുന്നതിനു ശ്രമിക്കുന്ന സർക്കാരുകരം ഭരണഘടനയെ ലംഘിക്കുകയാണു ചെയ്യുന്നതു്.

മദ്യനിരോധം ദേശീയ ലക്ഷ്യമായി അംഗീകരിച്ചിട്ടില്ലാത്ത രാജ്യങ്ങളിൽപോലും, മദ്യനിർമാണവും മദ്യവില്പനയും മദ്യപാനവും സംബന്ധിച്ചു് ഒട്ടേറെ നിയമങ്ങരം നിലവിലുണ്ടു്. മുമ്പു പറഞ്ഞതുപോലെ മദ്യം മനുഷ്യർക്കു് ആപല്ക്കരമായ ഒരു വസ്തുവാകുന്നു. അതു് അളവിലേറെ കുടിച്ചാൽ ഉടൻ മനുഷ്യർ മരിക്കുകയോ, ശാരീരികവും മാനസികവുമായ പല അവശതകരംക്കും വിധേയരാവുകയോ ചെയ്യും. മദ്യപാനിക്കു സ്വബോധം നഷ്ടപ്പെടുകയെന്നതു് അതിസാധാരണമാണു്. സ്വബോധം നഷ്ടപ്പെട്ട ഒരാരം ഇന്നതേ ചെയ്യൂ എന്നില്ല. ഡ്രൈവർ മദ്യപിച്ചാൽ അയാളുടേയും, അയാരം ഓടിക്കുന്ന വണ്ടിയിലുള്ളവരുടേയും, താഴെ റോഡിലുള്ളവരുടേയും ജീവനു രക്ഷയില്ല. ഒരാരം എത്രതാനും തവണ മദ്യപിക്കുമ്പോഴേക്കും മദ്യപാനം അയാളുടെ ഒരു ശീലമായിക്കഴിയുന്നു. വളരെ വൈകാതെ മനുഷ്യൻ മദ്യത്തിൻെറ അടിമയായി മാറുന്നു. ഇതുപോലെയുള്ള പല

കാരണങ്ങളാൽ മദ്യപാനം, കഴിയുമെങ്കിൽ, തികച്ചും ഒഴിവാക്കേണ്ട ഒരു തിന്മയാകുന്നു. ഈ തിന്മയെ ആവുന്നത്ര ലഘൂകരിക്കുകയാണ് എല്ലാ സർക്കാരുകളുടേയും ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനു ഉദ്ദേശിച്ചുള്ളവയാണ് അബ്കാരി നിയമങ്ങരം.

അബ്കാരി നിയമങ്ങളനുസരിച്ച്, സർക്കാരിൽനിന്നു രേഖാമൂലം അനുവാദം വാങ്ങുന്നവർ മാത്രമേ മദ്യം ഉണ്ടാക്കുകയും വില്ക്കുകയും ചെയ്യാവൂ. കള്ള ചെത്തുന്നവനും, ചാരായം വാററുന്നവനും മററുതരം മദ്യങ്ങരം നിർമിക്കുന്നവനും എല്ലാം, അതാതിനുള്ള ലൈസൻസ് സർക്കാരിൽനിന്നു വാങ്ങിയിരിക്കണം. ഓരോതരം മദ്യവും നിർമിക്കുന്നതിന് നിശ്ചിതങ്ങളായ പ്രക്രിയകളുണ്ട്. ഈ പ്രക്രിയകളനുസരിച്ചാണ് മദ്യങ്ങരം നിർമിക്കുന്നതെന്നും, നിർമിക്കപ്പെടുന്ന മദ്യങ്ങരം നിശ്ചിത നിലവാരം പുലർത്തുന്നുവെന്നും ഉറപ്പു വരുത്തേണ്ടതു് എക്സൈസ് വകുപ്പുകാരുടെ ചുമതലയാകുന്നു. ഇങ്ങനെ നിയമാനുസൃതം നിർമിക്കുന്ന മദ്യം ആർ വില്ക്കാം, ആർക്കൊക്കെ വില്ക്കാം, എവിടെവെച്ച് വില്ക്കാം, ഏതു സമയത്തു വില്ക്കാം — ഇതെല്ലാം നിയമപ്രകാരം സർക്കാർ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ നിയമങ്ങരം ലംഘിക്കുന്നതു ക്രിമിനൽ കുററമാണ്; പിടിച്ചുപറിപോലെ, കൊള്ളപോലെ, കൊലപോലെ, ബലാത്സംഗംപോലെ ഹീനമായ കുററമാണ്, സമൂഹത്തിനെതിരായ നികൃഷ്ടമായ പാതകമാണ്. ഈ കുററം സർക്കാർ തടഞ്ഞില്ലെങ്കിൽ നാട്ടുകാർ എങ്കിലും തടയണം.

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും നിർഭാഗ്യവശാൽ നമ്മുടെ സർക്കാരുകരം മദ്യനിയമങ്ങരം ലംഘിക്കുകയെന്ന കുററം ചെയ്യാൻ മദ്യനിർമാതാക്കളെയും മദ്യവില്പനക്കാരെയും ഇവരുടെ മദ്ധ്യത്തിലുള്ള ഇടനിലക്കാരെയും നിരന്തരം പ്രോത്സാഹിപ്പിക്കുകയാണു ചെയ്തുവന്നിട്ടുള്ളതു്. കോൺഗ്രസ്സുകാരെന്നോ സോഷ്യലിസ്റ്റുകാരെന്നോ കമ്മ്യൂണിസ്റ്റുകാരെന്നോ ഉള്ള ഭേദമില്ലാതെ, കേരളത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ സർക്കാരുകളും, ഗർഹണീയമായ ഈ പാതകം ചെയ്തുവന്നിട്ടുണ്ട്. മദ്യനിർമാണം നിയന്ത്രണവിധേയമാക്കുന്നതിനുവേണ്ടി സർക്കാർ, ചെത്തും വാററും മററ് മദ്യനിർമാണപ്രക്രിയകളും നടത്തുന്നവരിൽനിന്ന് കനത്ത തുക വാങ്ങി അവർക്കു ലൈസൻസ് നൽകുന്നു. മദ്യവില്പനയുടെമേൽ നിയന്ത്രണമേർപ്പെടുത്തുന്നതിനുവേണ്ടി, വില്പനയ്ക്കുള്ള അധികാരം ലേലം ചെയ്ത്, ഏററവും കൂടുതൽ പണം നൽകുന്ന ആരംക്കു വില്ക്കുന്നു. മദ്യം മൊത്തമായി വില്ക്കുന്നതിന്റെയും കടത്തിക്കൊണ്ടു പോകുന്നതിന്റെയും മേലുമുണ്ട് കർശനമായ സർക്കാർ നിയന്ത്രണങ്ങരം. ഈ നിയന്ത്രണങ്ങളുടെ ഉദ്ദേശ്യം മദ്യത്തിന്റെ മാരകദോഷങ്ങരം പരമാവധി കുറയ്ക്കുകയും, മദ്യോപയോഗം പരമാവധി നിരുത്സാഹപ്പെടുത്തുകയുമാണ്; അല്ലാതെ സർക്കാർ ഖജനാവിലേക്കു വരുമാനം വർദ്ധിപ്പിക്കുകയല്ല. എന്നാൽ, വിധിവൈപരീത്യമെന്നു പറയട്ടെ, ഇന്ത്യയിലെ സർക്കാരുകളുടെ ലക്ഷ്യം മദ്യം നിർമിച്ചും ആളുകളെക്കൊണ്ടു മദ്യം കുടിപ്പിച്ചും പരമാവധി പണമുണ്ടാക്കുക എന്നതായിരിക്കുന്നു. സർക്കാരിലേക്ക് എക്സൈസ് നികുതിയിനത്തിൽ പരസ്യമായി കിട്ടുന്ന വരുമാനത്തിനു പുറമേ, അതിന്റെ എത്രയോ മടങ്ങുവരുന്ന വമ്പിച്ച തുകകരം രഹസ്യമായി രാഷ്ട്രീയപാർട്ടികരം മദ്യനിർമാതാക്കളിൽനിന്നും മദ്യവില്പനക്കാരിൽനിന്നും പിരിച്ചെടുക്കുന്നു. പണം വാങ്ങുന്നവൻ അതിനു പകരം ചിലതു കൊടുക്കാൻ നിർബദ്ധനാണല്ലോ. മദ്യവ്യാപാരക്കാരിൽനിന്നു പണം വാങ്ങുന്ന രാഷ്ട്രീയപാർട്ടികളും ആ പാർട്ടികളുടെ അധീനത്തിലുള്ള സർക്കാരുകളും എല്ലാ നിയമങ്ങളേയും പരസ്യമായി ലംഘിക്കാനുള്ള അധികാരം മദ്യനിർമാതാക്കരംക്കും മദ്യവില്പനക്കാർക്കും നൽകുന്നു. നിയമവിരുദ്ധവും ജന

വിരുദ്ധവുമായ ഈ അധികാരം, അവർ നിർലജ്ജമായും നിശ്ശങ്കമായും ക്രൂരമായും ഉപയോഗപ്പെടുത്തി ജനങ്ങളെ കുടിപ്പിക്കുകയും, അവരുടെ പണം കൊള്ളയടിക്കുകയും ചെയ്യുന്നു. മദ്യനിയമങ്ങൾ നടപ്പിൽ വരുത്തേണ്ട സർക്കാരിന്റെ കീഴ്ജീവനക്കാരെ അവർ വിലയ്ക്കെടുക്കുന്നു. ഫലമോ? രാജ്യം, ആബാലവൃദ്ധം ജനങ്ങൾ, മദ്യരാക്ഷസന്റെ അടിമത്തത്തിലലിഞ്ഞു നശിക്കുന്നു.

ഈ പരിസ്ഥിതിയിൽ, മദ്യനിർമാതാക്കളും മദ്യവില്പനക്കാരും മദ്യപാനികളും അബ്കാരി നിയമങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്നു് ഉറ്റുനോക്കുകയും, നിയമം നടപ്പിലാക്കാൻ ചുമതലപ്പെട്ടവരെ അതിനു പ്രേരിപ്പിക്കുകയും ചെയ്യേണ്ട ചുമതല ഉദ്ബുദ്ധരായ നാട്ടുകാരിൽ വന്നു ചേരുന്നു. ശരിയായ ലൈസൻസില്ലാതെ കള്ളവാറ്റു നടത്തുന്നവരെ എക്സൈസ് ഉദ്യോഗസ്ഥന്മാർ തടഞ്ഞില്ലെങ്കിൽ നാട്ടുകാർ കൂട്ടം ചേർന്നു തടയണം. നിശ്ചിത സ്ഥലത്തും നിശ്ചിത സമയത്തുമല്ലാതെ നടക്കുന്ന മദ്യവില്പനയും നാട്ടുകാർ സംഘടിച്ചു് അസാദ്ധ്യമാക്കിത്തീർക്കണം.

ഈ പൗരബോധം കേരളത്തിൽ അവിടവിടെ ഉണ്ടായിത്തുടങ്ങിയതായി കാണുന്നതിൽ ജനാധിപത്യപ്രേമികൾ മുഴുവൻ സന്തോഷിക്കും. കള്ളവാറ്റും കള്ളമദ്യവില്പനയും തടയാൻ കേരളത്തിൽ അവിടവിടെ നാട്ടുകാർ സംഘടിച്ചു മുന്നോട്ടു വന്നുതുടങ്ങിയിട്ടുണ്ടു്. അങ്ങനെ സ്വയം സംഘടിച്ചു നിയമം നടപ്പിൽ വരുത്താൻ ശ്രമിക്കുന്ന പൗരബോധമുള്ള നാട്ടുകാരെ അഭിനന്ദിക്കുകയും, ആവശ്യമായ സഹായവും രക്ഷയുമവർക്കു നൽകുകയുമാണു് നിയമവിധേയമായി പ്രവർത്തിക്കുന്ന ഒരു സർക്കാർ ചെയ്യേണ്ടതു്.

മറിച്ചായാലോ? നിയമവിരുദ്ധമായ മദ്യവില്പനയിൽ പ്രതിഷേധിക്കുന്ന നാട്ടുകാരെ മർദിച്ചു് ഒതുക്കാൻ സർക്കാർ തുനിഞ്ഞാലോ? അപ്പോൾ സർക്കാർ സർക്കാരല്ലാതാവുന്നു; അതു കുററവാളികളുടെ ഒരു നിയമവിരുദ്ധസംഘം മാത്രമായിത്തീരുന്നു. അത്തരമൊരു നിയമവിരുദ്ധ—ക്രിമിനൽസർക്കാരിനെതിരെ പൊരുതേണ്ടതു്, ഉത്തരവാദബോധമുള്ള പൗരന്മാരുടെ മുഴുവൻ ചുമതലയായിത്തീരുന്നു.

കേരള സർക്കാർ ഈ ഗതികേടിലേക്കു സ്വയം നീങ്ങാതിരിക്കട്ടെ; നാട്ടുകാരെ തള്ളിനീക്കാതെയുമിരിക്കട്ടെ.'

വയനാട്ടിൽ പല സ്ഥലത്തും അനധികൃതങ്ങളായ ചാരായഷാപ്പുകൾ മാററി സ്ഥാപിക്കണമെന്നാവശ്യപ്പെട്ടു് നാട്ടുകാർ നിരന്തരമായി പ്രക്ഷോഭം നടത്തിവരികയാണെന്നു കാണുന്നു. സ്കൂളുകൾക്കും ദേവാലയങ്ങൾക്കും അടുത്തു മദ്യഷാപ്പുകൾ സ്ഥാപിക്കരുതെന്നു വ്യക്തമായ നിയമം ഉണ്ടു്. എന്നിട്ടും, നമ്മുടെ പല 'കോളേജുകളുടേയും ഉമ്മറത്തു് ചാരായഷാപ്പുകൾ കാണാം. തലസ്ഥാന നഗരിയിൽ പ്രശസ്തമായ ഒരു കോളേജിന്റെ മുമ്പിൽ രണ്ടു ചാരായഷാപ്പുകൾ നടത്തുന്നുണ്ടെന്നു് ആ കോളേജിന്റെ പ്രശസ്തനായ പ്രിൻസിപ്പാൾ ഏതാനും വർഷം മുമ്പു് എന്നോടു ഹൃദയവേദനയോടെ പറയുകയുണ്ടായി. പല ഹൈ-പ്രൈമറി സ്കൂളുകളുടെ അടുത്തും മദ്യഷാപ്പുകളുടെ ബോർഡുകൾ കാണാം. വയനാട്ടിൽ നടവയൽ എന്ന സ്ഥലത്തു് സ്കൂളിനടുത്തു് മൂന്നു ചാരായഷാപ്പുകളും രണ്ടു കള്ളുഷാപ്പുകളും ഉണ്ടത്രേ. ഒരു പഞ്ചായത്തുകൂടിയില്ലാത്ത ഈ കുഗ്രാമത്തിൽ, സ്കൂളിനടുത്തുള്ള ചാരായഷാപ്പുകൾ അവിടെനിന്നു നീക്കണമെന്നാവശ്യപ്പെട്ടു് മൂന്നു മാസമായി നാട്ടുകാർ സമരം നടത്തിവരികയായിരുന്നു. സർക്കാരിന്റെ സഹായകരമല്ലാത്ത നിലപാടു കാരണം ഈ പ്രക്ഷോഭം വളർന്നു്, ചാരായഷാപ്പുകൾ തീവെക്കുന്നേത്തുവരെയെത്തി. ഒടുവിൽ ലാത്തിച്ചാർജിലും കണ്ണീർവാതക പ്രയോഗത്തിലും പര്യവസാനിച്ചതായി സെപ്തംബർ 25-ലെ മാതൃഭൂമി പത്രത്തിൽ കാണുന്നു.

കൊച്ചിയിലെ മദ്യദുരന്തത്തെത്തുടർന്ന്, അവിടെ ഏതാനും ചാരായ ഷാപ്പുകൾക്ക് ആളുകൾ തീവെക്കുകയും, അവരെ അമർത്താൻ സായുധ പോലീസ്സിനെ സർക്കാർ നിയോഗിക്കുകയും ചെയ്തതായി റിപ്പോർട്ടുണ്ടായിരുന്നു. മററു ചില സ്ഥലങ്ങളിലും കള്ളവാററിനും കള്ളമദ്യവില്പനയ്ക്കുമെതിരായ സമരം നാട്ടുകാർ ഏറെറടുത്തതായി കാണുന്നുണ്ട്. ഇവിടെയെല്ലാം നാട്ടുകാരുടെ രക്ഷയ്ക്കല്ലാതെ, നാട്ടുകാർക്കെതിരായി കള്ളവാററുകാരുടെയും കള്ളമദ്യവില്പനക്കാരുടെയും രക്ഷയ്ക്ക്, പോലീസിനെയും പട്ടാളത്തെയും നിയോഗിക്കേണ്ട പിടിപ്പുകേട് കേരളസർക്കാരിനു വന്നുചേരുകയില്ലെന്നു ഞങ്ങൾ ആശിക്കുന്നു.

നമ്മുടെ 'ഉദ്ബുദ്ധ'മായ അദ്ധ്യാപകവർഗവും വിദ്യാർത്ഥിവർഗവും ഈ പ്രക്ഷോഭത്തിൽ വഹിക്കേണ്ട പങ്കെന്താണ്? മദ്യരാജാക്കന്മാരുടെ അക്രമവാഴ്ചയ്ക്കെതിരെ നാട്ടുകാർ നടത്തുന്ന സമരത്തിന് അവർ നേതൃത്വം കൊടുക്കുമോ? അതോ, നാട്ടുകാർക്കെതിരെ മദ്യരാജാക്കന്മാരുടെ ഭാഗത്തു ചേരുമോ? രണ്ടുമില്ലെങ്കിൽ വെറുതെ കൈയും കെട്ടിയിരുന്ന് 'തമാശ' കാണുമോ?

സാമൂഹ്യമായ ഉത്തരവാദിത്തം നിറവേററാനാണ് സംഘടനയും, അതിലൂടെ കൈവരുന്ന ശക്തിയും. സംഘടിതരും ശക്തരുമായ അദ്ധ്യാപകരും വിദ്യാർത്ഥികളും മദ്യവിപത്തിനെതിരെ ദൃഢമായ ഒരു നിലപാട് എടുക്കുകതന്നെ വേണം.

27 സെപ്റ്റംബർ, 1982

## 67. പെട്രോരൂപ

അറബിക്കടലിന്റെ അപ്പുറത്ത്, അറേബിയാ ഉപദ്വീപിന്റെ കിഴക്കെതീരത്തു കിടക്കുന്ന കുവൈത്ത്, ബഹ്റയ്ൻ, ഖത്തർ, യുനൈററഡ് അറബ് എമിറൈററ്സ്, ഒമാൻ എന്നീ രാജ്യങ്ങളെയാണ് ഇന്നു നാം 'ഗൾഫ് രാജ്യങ്ങൾ' എന്നു വിളിക്കുന്നത്. ആണ്ടിൽ പകുതിയോളം അത്യുഷ്ണകാലാവസ്ഥയും മരുതുല്യമായ ഭൂപ്രകൃതിയുമുള്ള ഈ പ്രദേശത്തിന് കടൽക്കൊള്ളക്കാരുടെ താവളമെന്ന നിലയ്ക്കുള്ള പ്രാധാന്യം മാത്രമേ താരതമ്യേന അടുത്ത കാലംവരെ ഉണ്ടായിരുന്നുള്ളു. എന്നാൽ, ഇവിടെ ഭൂമിക്കടിയിൽ, കരയിലും കടലിലും, വൻതോതിൽ എണ്ണനിക്ഷേപം ഉണ്ടെന്നു കണ്ടുപിടിച്ചതോടെ സ്ഥിതി ആകെ മാറി. മനുഷ്യരുടെ ഭാഗ്യംപോലെതന്നെയാണ് ഭൂപ്രദേശങ്ങളുടെ ഭാഗ്യവും. നല്ലകാലം എപ്പോഴാണ് വരികയെന്ന് ആർക്കു പ്രവചിക്കാൻ കഴിയും?

രണ്ടാം മഹായുദ്ധത്തിനു മുമ്പുതന്നെ ഗൾഫ്പ്രദേശത്തുനിന്ന് എണ്ണ കുഴിച്ചെടുക്കാൻ തുടങ്ങി. പക്ഷേ, അതുകൊണ്ടുള്ള പ്രയോജനമത്രയും പാശ്ചാത്യരാജ്യങ്ങൾക്കായിരുന്നു. യുദ്ധാവസാനത്തിൽ സാമ്രാജ്യങ്ങൾ പിരിച്ചുവിടപ്പെട്ടതോടെ ആദ്യം ഇറാനും, പിന്നീട് ഗൾഫ് പ്രദേശത്തിലെ ചെറുനാടുവാഴിരാജ്യങ്ങളും അതാതിടത്തെ എണ്ണക്കമ്പനികളുടെമേൽ ആധിപത്യം സ്ഥാപിച്ചു. 1973-ൽ എണ്ണയുല്പാദകരാജ്യങ്ങൾ ഒന്നിച്ചുചേർന്ന് അസംസ്കൃത എണ്ണയുടെ വില നാലിരട്ടിയായി വർദ്ധിപ്പിച്ചതോടെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും 'കഠിന' നാണയങ്ങൾ—ഡോളറും മാർക്കും പവനും എന്നും ഫ്രാങ്കും ലീറയും എല്ലാം—ഗൾഫ് പ്രദേശത്തേക്ക് പ്രവഹിക്കാൻ തുടങ്ങി. ഒരു പുഴയുമില്ലാത്ത ഈ ഊഷരഭൂമിയിൽ പണപ്പുഴകൾ ഒഴുകി. മഴ വളരെ കുറവായ അവിടത്തെ മണ്ണ് പണമഴയിൽ കുതിർന്നു. ലോകത്തിലെ ഏററവും സമ്പന്നങ്ങളായ രാജ്യങ്ങളുടെ മുൻ